**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2594** **14-09-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ വീതം അനുമതി ലഭിച്ച കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ അനുമതി ലഭിച്ച കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കില തയ്യാറാക്കിയ എസ്റ്റിമേറ്റിന് 02.08.2023-ന് കൂടിയ കിലയുടെ സാങ്കേതികാനുമതി കമ്മിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അനുമതി, 08.09.2023-ൽ കില കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്.<br><br>ഇരിമ്പിളിയം ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി അടിയന്തരമായി പൂർത്തികരിക്കുമോയെന്നും വിശദമാക്കുമോ? | (ബി) | കുറ്റിപ്പുറം ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി പദ്ധതിയുടെ PED ഡോക്യുമെന്റ് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമായതിനു ശേഷം ടെണ്ടർ നടപടികൾ ആരംഭിച്ച് കരാറുകാരനു വർക്ക് അവാർഡ് ചെയ്യാനുള്ള നടപടികൾ കില സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ